# കൂപ്പുകൈകൾ

## തൊടുപുഴ ക. ശങ്കർ

തോക്കുകൾ പീരങ്കികൾ അണുവായുധം പോലും
തോറ്റുപിൻവാങ്ങുന്നില്ലല്ലോ, കൂപ്പുകൈകൾക്കു മുന്നിൽ!
തോൽവിസമ്മതിച്ചൊരാൾ കൈകൂപ്പിനിന്നാൽ, ദയ-
തോന്നാത്തരിപുപോലും മാപ്പുനൽകിടുമുടൻ!

ദേവാലയത്തിൽചെന്നു വിഗ്രഹത്തിനു മുന്നിൽ
ദേവനെപ്രാർത്ഥിപ്പതു തൊഴുകൈകളോടല്ലോ!
ആദ്യമായ് പ്രഭാതത്തിൽആരെനാം കണ്ടെന്നാലും
സാദരമഭിവാദ്യംചെയ്‌വതും തൊഴുകൈയ്യാൽ!

അതിഥിവന്നാൽ ഗൃഹനാഥനാനിമിഷത്തിൽ
ആമോദമേകും ശുഭാശംസയുമിതാല്ലോ!
ശിഷ്യൻ ഗുരുനാഥനു ഭക്തിയാർന്നർപ്പിച്ചിടും
ദിവ്യമാം ദക്ഷിണയും കൂപ്പുകതൈകൾതാനല്ലോ!

വധുവും വരനുമാദ്യം കാണുമ്പോൾ സ്മിതം തൂകി
വണങ്ങി പരസ്പരമേകുന്നു തൊഴുകൈകൾ!
കേഴുന്നപൂമ്പൈതലെ ചിരിപ്പിയ്ക്കുവാനതിൽ
കൈകൂപ്പിപ്പിടിച്ചു നാം ഗോവിന്ദചതൊല്ലാറില്ലേ?

പൂർവ്വദിശയെനോക്കിസുപ്രഭാതത്തിൽദിനം
സൂര്യനമസ്ക്കാരംനാംചെയ്തുകൈകൾകൂപ്പി!
മംഗളകർമ്മങ്ങളിൽപുരോഹിതനോടൊപ്പം
ഭംഗിയായ്മന്ത്രാദികൾചൊല്ധവതുകൈകൾകൂപ്പി!

യുഗങ്ങൾപിന്നിട്ടിന്നും പിൻതുടരുന്നൂ; നാമീ-
യുത്തമാഗുണംക്ഷതമേല്ക്കാതെസംരക്ഷിപ്പൂ!
ഭാരതസംസ്ക്കാരത്തിൻ കാതലാം കൂപ്പുകൈകൾ
പാരാകെ പ്രശസ്തമാം പാവനസദാചാരം!

കൂപ്പുകൈയ്യൊരിയ്ക്കലും തോൽവിതൻ ചിഹ്നമല്
കൂട്ടിടുമതുമേലും നമ്മുടെ മനോമൂല്യം!
പ്രേമത്തിൻ,സൗഹാർദ്ദത്തിൻ, ഹസ്തങ്ങൾനീട്ടാം, മേലും
കൈമാറാംവാടാത്തൊരാസ്നേഹത്തിൽ നറുമാല്യം!

ഹസ്തദാനത്തെക്കാളുമെത്രയോ മഹിതമാം
ഭക്തിയാർന്നേവർക്കും നാം നൽകുമീ സുസ്വാഗതം!
അഖിലലോകത്തിനും മാതൃകയാവട്ടേ, നാം
അഭിമാനത്തോടെന്നും പോറ്റുമീമഹദ്ഗുണം!

*************